കൂടുതൽ കലക്കരുത്; തെളിയാൻ സഹായിക്കൂ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ഇന്ത്യൻ പാർലിമെൻറിൻെറ ഇരുസഭകളിലേയും സംസ്ഥാനനിയമസഭകളിലേയും സാമാജികരായി സേവനമനുഷ്ഠിക്കുന്നവർക്ക്, അങ്ങേയറ്റത്തെ അഭിപ്രായപ്രകടന സ്വാതന്ത്ര്യം ഭരണഘടനതന്നെ ഉറപ്പുചെയ്തിട്ടുണ്ട്. വിദ്യാഭ്യാസസമ്പന്നരും, സംസ്കാരചിത്തരും ജനസേവനവ്യഗ്രരുമായ ജനപ്രതിനിധികൾ, പാർലിമെൻറിൻെറ സഭകളിലും സംസ്ഥാനനിയമസഭകളിലും നടത്തുന്ന അഭിപ്രായപ്രകടനങ്ങളെ ആസ്പദമാക്കി, അവരുടെമേൽ ആർക്കും നടപടികളെടുക്കാവുന്നതല്ല. ഈ അത്യുദാരമായ അഭിപ്രായപ്രകടന സ്വാതന്ത്ര്യമനുഭവിക്കുന്ന ഈ മാന്യവ്യക്തികൾ, സഭാനടപടികളിൽ സംബന്ധിക്കുമ്പോൾ, മനഃപ്പൂർവ്വമല്ലെങ്കിൽപ്പോലും, ചില വേളകളിൽ വികാരവിധേയരായി, സഭയുടെ അന്തസിനുചേരാത്ത പദപ്രയോഗങ്ങളും അഭിപ്രായപ്രകടനങ്ങളും നടത്തിയേക്കാം. അപ്രകാരമുള്ള പരാമർശങ്ങൾ "അൺപാർലമെൻററിയാ"ണെന്നു സഭാദ്ധ്യക്ഷന് വിധിക്കാനധികാരമുണ്ട്. അതുകൊണ്ട് സാമാജികൻെറ ആത്മാർത്ഥതയോ സത്യസന്ധതയോ കഴിവോ ചോദ്യം ചെയ്യുകയല്ലല്ലോ. അത്തരം "അൺപാർലിമെൻററി" പ്രസ്താവനകൾക്ക് ഔദ്യോഗിക റിക്കോർഡുകളിൽ സ്ഥാനവും കിട്ടുകയില്ല. ഒരു മാദ്ധ്യമത്തിനും അങ്ങനെ അദ്ധ്യക്ഷൻ വിധിച്ച പരാമർശങ്ങൾ പ്രകാശനം ചെയ്യാവുന്നതുമല്ല. ഇങ്ങനെ പിഴപറ്റിയവർ പിന്നീട് നിർവ്യാജം ഖേദം പ്രകടിപ്പിക്കുകയോ പരാമർശങ്ങൾ പിൻവലിക്കുകയോ ചെയ്യുന്നതും പതിവാണ്.

സാമാജികന്മാരായ മഹൽവ്യക്തികൾക്ക് പിഴപറ്റുന്നത് പരിഹരിക്കുമ്പോഴോ അവയ്ക്കെതിരായി അന്യർ ശക്തിയായി പ്രതികരിക്കുമ്പോഴോ മാദ്ധ്യമങ്ങൾ ബ്ലാക്കൗട്ടു ചെയ്യുമ്പോഴോ ജനാധിപത്യാവകാശങ്ങളെയും അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തെയും തടസ്സപ്പെടുത്തുകയോ നിരാകരിക്കുകയോ ആണെന്നു ആരും വാദിക്കാറും കരുതാറുമില്ല.

പൊതുവേദികളിൽ പ്രതിഷേധമോ പ്രതിപക്ഷവാദമുഖഖണ്ഡനമോ നടത്തുമ്പോൾ കുറഞ്ഞനിലവാരമെങ്കിലും നിർബന്ധമായി പാലിക്കുന്നുണ്ടോയെന്നു മേൽനോട്ടം വഹിക്കുന്ന ഒരധികാരസ്ഥാനമില്ല. പ്രാസംഗികരെ നിയന്ത്രിക്കുന്നതും നിയന്ത്രിക്കേണ്ടതും ആത്മസംയമനംമാത്രമാണ്. പലപ്പോഴും ശ്രോതാക്കൾ പ്രാസംഗികൻെറ ചിന്താഗതിക്ക് വഴിപ്പെട്ടവരായിരിക്കും. എന്തും ഏതുവിധത്തിൽ പറഞ്ഞും പ്രതിപക്ഷത്തെ ആക്ഷേപിക്കുകയോ അവഹേളിക്കുകയോ ചെയ്താലും, അവർ കൈയടിച്ച് പ്രാസംഗികന് "സ്പിരിട്ടു" കൂട്ടുകയേയുള്ളൂ. അവിടെ പ്രതിപക്ഷത്തിലുള്ളവരുണ്ടെങ്കിൽ, അവർ ശക്തിയായി പ്രതികരിച്ചെന്നുവരാം. അനുകൂലികളും പ്രതികൂലികളും തമ്മിൽ സംഘട്ടനമാണ് ഫലം. അച്ചടക്കവും നിയമവാഴ്ചയും അസ്തമിക്കും. അവിടെ അതോടെ ജനാധിപത്യം മരിക്കുന്നു.

സഭ്യത, സാമാന്യപ്രതിപക്ഷബഹുമാനം, മറ്റുള്ളവർക്കും ബുദ്ധിയും യുക്തിയും സിദ്ധിയുമുണ്ടെന്നംഗീകരിക്കാനുള്ള മനസ് തുടങ്ങിയവയെല്ലാം ഉറപ്പു വരുത്തി, അതിശക്തിയായി ആരെയും വിമർശിക്കാനും എതിർക്കാനും ആക്ഷേപിക്കാൻപോലും ഉതകുന്ന പദസമ്പത്തും പ്രയോഗങ്ങളും നമ്മുടെ ഭാഷയിൽ ധാരാളമുണ്ട്. വിവേകപൂർവ്വം അവയുപയോഗപ്പെടുത്തിയാൽ ആർക്കും ആവലാതിയുണ്ടാകുകയില്ല. ഒന്നും "അൺപാർലിമെൻററി"യാകുകയുമില്ല!

ആകപ്പാടെ എവിടെയും കലുഷമായി തീർന്നിരിക്കുന്ന അന്തരീക്ഷത്തെ കൂടുതൽ കലക്കാതിരിക്കാൻ ശ്രമിക്കാം. ജനാധിപത്യത്തെയും അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തേയും വിലമതിക്കുകയും സമാദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാൻ, സാംസ്കാരിക—സാഹിത്യരംഗങ്ങളിൽ പ്രവർത്തിക്കുന്നവർ പ്രത്യേകം കരുതിയേ പറ്റൂ. പക്ഷം പിടിക്കാതെ, ഗ്രൂപ്പുവിധേയത്വമില്ലാതെ, വസ്തു നിഷ്ഠമായി പ്രവർത്തിച്ചാൽ മാത്രമേ, ജനാധിപത്യാവകാശങ്ങൾ, എല്ലാവർക്കും അനുഭവിക്കാനുള്ള അന്തരീക്ഷമുണ്ടാകൂ. അവകാശങ്ങൾ അനുഭവിക്കുന്ന ഒരാളിന്, അവ അന്യർക്കും അനുഭവിക്കാനുള്ള അവസരമുറപ്പുവരുത്താനും ജനാധിപത്യത്തിൽ ബാധ്യതയുണ്ട്. ഇതു പറയുമ്പോൾ ആർക്കെങ്കിലും എന്തെങ്കിലും നിഷേധിക്കണമെന്നല്ല ധ്വനി. അങ്ങനെ വ്യാഖ്യാനിക്കുന്നവർ എന്തോ ലക്ഷ്യം വച്ച് സത്യം വളച്ചൊടിക്കാൻ ശ്രമിക്കുകയാണ്. സ്വന്തം പക്ഷത്തുമാത്രമേ സത്യവും ശരിയുമുള്ളെന്നു കരുതി പ്രവർത്തിക്കുന്നവർക്ക്, ജനാധിപത്യത്തെപ്പിടിച്ചാണയിടാനർഹതയില്ല.

ഈ അടുത്തകാലത്ത് എൻെറ മാന്യസുഹൃത്ത് സുകുമാർ അഴീക്കോട് സംയമനവും പ്രതിപക്ഷബഹുമാനവും നഷ്ടപ്പെടുത്താതെ കർമ്മനിരതരാകണമെന്ന് പറയാൻ ഇടയായി. വെറുതെപറഞ്ഞതുമല്ല. പത്രത്തിൽ വന്നതൊക്കെ സത്യമാണെങ്കിൽ, അദ്ദേഹത്തിൻെറ അന്തസ് വർദ്ധിപ്പിക്കുന്ന തരത്തിലുള്ളവയാണവയെന്നു തോന്നിയില്ല. അക്കാര്യം ഉറക്കെ പറഞ്ഞപ്പോൾ, എത്രവികലമായും വളച്ചൊടിച്ചുമാണ് ചിലർ അതുകേട്ടതും ധരിച്ചതും ! വ്യാഖ്യാനിച്ചതും!

ഇതെഴുതുന്നയാളിന് ഏതെങ്കിലും പാർട്ടിയോടൊ ഗ്രൂപ്പിനോടോ ഒരു വിധേയത്വവുമില്ല. ആരുടെയെങ്കിലും വൈതാളികനുമല്ല. ഇവിടെ എല്ലാവർക്കും സമഭാവനയോടെ, സമാധാനത്തോടെ, ജീവിക്കാനുള്ള സാഹചര്യം ശക്തിപ്രാപിക്കണമെന്നും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്നും ഉൽക്കടമായി ആഗ്രഹിക്കുന്ന ഒരാൾമാത്രം. ജനാധിപത്യം അതിൻെറ എല്ലാഭാവങ്ങളിലും വളരണമെന്നും, ഭാരതീയസംസ്കാരത്തിൻെറ നന്മകൾ നിലനിർത്താനും വളർത്താനും ഈ നാടിനെ സ്നേഹിക്കുന്നവർ ആത്മാർത്ഥതയോടെ സേവനമനുഷ്ഠിക്കണമെന്നും കരുതുന്ന ഒരു വ്യക്തി. അരാജകത്വവും അക്രമവും ഏതുഭാഗത്തുനിന്നു വന്നാലും, ഇവിടെ ശക്തിപ്രാപിക്കാനനുവദിച്ചാൽ എല്ലാവർക്കും എല്ലാം നഷ്ടമാകും. അതിനാൽ, കൂടുതൽ കലക്കരുത്, തെളിയാൻ സഹായിക്കൂ!

മംഗളം, Feb 7, 93